# സ്കൂൾ അക്കാദമിക മാസ്റ്റർ  പ്ലാൻ

# 2025-26






## ജി.എൽ.പി.എസ് കിളിനക്കോട്

## വേങ്ങര

## മലപ്പുറം

# സ്കൂൾ ഫാക്കൽറ്റി



നിസ്താർ NK
SMC ചെയർമാൻ



മുഹമ്മദ് ഒ
ഹെഡ്മാസ്റ്റർ



അബ്ദുൽ മജീദ് UM
PTA പ്രസിഡന്റ്

# ആമുഖം

കേരള വിദ്യാഭ്യാസ വകുപ്പ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി എന്ന ആശയം സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുകയാണ്. പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന ഈ പദ്ധതി, അക്കാദമിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പാക്കിയിരിക്കുന്നത്. ഇതിനായി സ്കൂൾ തലത്തിൽ മികച്ച ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു. ജി.എൽ.പി.സ്കൂൾ കിളിനക്കോട് സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ഈ മഹത്തായ ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ സമഗ്ര വികാസത്തിനായി മികച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്.

പി. ടി. എ.,എം.പി.ടി.എ., എസ്. എം. സി., എസ്. ആർ. ജി. എന്നിവയുടെയും കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെയും അഭിപ്രായങ്ങൾ സ്വീകരിച്ച് മികച്ച ഒരു പ്രവർത്തന പദ്ധതിയാണ് ഇതിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ വിദ്യാർത്ഥികളിൽ സർവോന്മുഖമായ വളർച്ച കൈവരിക്കാൻ സാധിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു...

**PTA പ്രസിഡന്റ്**

**ഹെഡ്മാസ്റ്റർ**

**SMC ചെയർമാൻ**

# നാൾവഴികളിലൂടെ...

മലപ്പുറം ജില്ലയിലെ വേങ്ങരയിൽ നിന്നും 5 കിലോമീറ്റർ വടക്ക് കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഊരക മലയുടെ അടിവാരത്തിൽ കിളിനക്കോട് എന്ന മലയോര ഗ്രാമപ്രദേശത്ത് വിദ്യയുടെ വെളിച്ചം പരത്തിക്കൊണ്ട് 1961 ലാണ് കിളിനക്കോട് ഗവൺമെൻറ് എൽപി സ്കൂൾ സ്ഥാപിതമായത്. സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ തടത്തിപ്പാറ മദ്രസ കെട്ടിടത്തിലാണ് അന്ന് വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. സ്വന്തം നാട്ടിൽ ഒരു വിദ്യാലയമില്ലാത്തതിനാൽ രണ്ടര കിലോമീറ്റർ അധികം ദൂരം താണ്ടി ചേറൂരിലേക്കോ വേങ്ങരയിലേക്കോ പഠനത്തിനായി പോയിരുന്നവർക്കും, ഇത്രയും ദൂരം യാത്ര ചെയ്യാൻ കഴിയാതെ പഠനം ഉപേക്ഷിക്കാൻ തീരുമാനിച്ചവർക്കും വിദ്യയുടെ പൊൻവെളിച്ചം നേടിക്കൊടുത്തത് കണ്ണേത്ത് മുഹമ്മദ് കുട്ടി ഹാജി എന്ന മഹാനായ മനുഷ്യന്റെ ദീർഘവീക്ഷണമാണ്. സ്ഥലപരിമിതി വന്നപ്പോൾ പുതിയ കെട്ടിടം പണിയുന്നതിനായി ഒരേക്കർ വരുന്ന സ്വന്തം സ്ഥലം നാട്ടിലെ സാമൂഹിക പ്രവർത്തകനായ അദ്ദേഹം വിദ്യാലയം പണിയുന്നതിനായി വിട്ടുനൽകി.ഈ ദീർഘവീക്ഷണമാണ് നാടിൻെറ വിദ്യാഭ്യാസ മേഖലയെ മുന്നോട്ടു നയിക്കുന്ന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. 94 വിദ്യാർഥികളുമായി ആരംഭിച്ച വിദ്യാലയത്തിൽ നിന്നും ഇന്ന് 5000 ത്തിലധികം വിദ്യാർഥികൾ പ്രാഥമിക വിദ്യാഭ്യാസം നേടി. ആരംഭത്തിൽ നാല് ഡിവിഷനുകളുമായി ഒറ്റ കെട്ടിടത്തിൽ ആരംഭിച്ച വിദ്യാലയം ഇന്ന് 12 ഡിവിഷനുകളിലായി പുതിയ കെട്ടിടത്തിൽ 250 ൽ അധികം വിദ്യാർത്ഥികൾക്ക് അക്ഷരം വെളിച്ചം പകർന്നുകൊണ്ട് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നേറ്റം നടത്തിവരുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ.പി.എസ് കിളിനക്കോട് |
| മേൽവിലാസം | : കിളിനക്കോട്<br>വേങ്ങര<br>മലപ്പുറം |
| ഫോൺ | : **04942450042** |
| സ്കൂൾ കോഡ് | : **19814** |
| റവന്യൂ ജില്ല | : മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| വിദ്യാഭ്യാസ ഉപജില്ല | : വേങ്ങര |
| **BRC** | : വേങ്ങര |
| **CRC** | : ചേറൂർ |
| ഗ്രാമപഞ്ചായത്ത് | : കണ്ണമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : വേങ്ങര |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാ മണ്ഡലം | : വേങ്ങര |
| ലോക്സഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : തിരൂരങ്ങാടി |
| വില്ലേജ് | : കണ്ണമംഗലം |
| **Email** വിലാസം | **:glpskilinakode@gmail.com** |
| **Face book** | **:glps kilinakode** |
| **Youtube** | **:glps kilinakode** |
| **School wiki** | **:GLPS KILINAKODE** |

# ലക്ഷ്യങ്ങൾ

വിദ്യാർത്ഥിയുടെയും സ്കൂളിന്റെയും സമഗ്രമായ പുരോഗതിക്ക് വേണ്ടി ധാരാളം ലക്ഷ്യങ്ങൾ ഉൾപ്പെട്ടിട്ടുള്ള മാസ്റ്റർ പ്ലാൻ ആണ് നാം ഒരുക്കുന്നത്. അതിലെ ലക്ഷ്യങ്ങൾ അക്കാദമികം, പാരിസ്ഥിതികം, സാമൂഹികം, സാങ്കേതികം എന്നീ മേഖലകളെ ഉൾകൊള്ളുന്നു.

- അക്കാദമിക ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ ലഭിക്കേണ്ട പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പ് വരുത്തൽ. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനും സംസാരിക്കാനും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ
- കുട്ടിയുടെ അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ച് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു
- അധ്യാപകരെ ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ പരിശീലിപ്പിക്കും
- ക്ലാസ് റൂമുകളെല്ലാം അന്താരാഷ്ട്ര നിലവാരമുള്ള ഡിജിറ്റൽ ക്ലാസ് റൂമുകൾ ആക്കി മാറ്റുന്നു.
- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് വേണ്ട തിരുത്തലുകളും പ്രോത്സാഹനവും നൽകുന്നു. വിഷയാടിസ്ഥാനത്തിലുള്ള ലാബുകൾ ക്രമീകരിക്കുന്നു.
- പൊതു വിദ്യാലയത്തെ ആ നാടിന്റെ അറിവിന്റെ കേന്ദ്രമാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും
- രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും
- സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും നീന്തൽ പരിശീലിപ്പിക്കും
- ആരോഗ്യ കായിക വിദ്യാഭ്യാസം മികവുറ്റതാക്കും

# സ്കൂൾ മികവുകൾ

വേങ്ങര സബ്ജില്ലയിലെ കണ്ണമംഗലം പഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ ഉൾപ്പെടുന്നതാണ് GLPS കിളിനക്കോട്. ഊരകം മലയുടെ താഴ്വാരത്തിൽ പ്രകൃതി കനിഞ്ഞേകിയ സൗന്ദര്യത്താൽ പുളകിതയായി ഞങ്ങളുടെ വിദ്യാലയം നിലകൊള്ളുന്നു. 2024-25 അധ്യായന വർഷത്തിൽ ഞങ്ങളുടെ വിദ്യാലയം മികവുകൾ കൊണ്ട് അനുഗ്രഹീതമായതായിരുന്നു. പാഠ്യ വിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും പ്രാവീണ്യം തെളിയിക്കാൻ ഞങ്ങളുടെ വിദ്യാലയത്തിന് കഴിഞ്ഞു.

1 മുതൽ 4 വരെ ക്ലാസുകളിൽ മുന്നൂറോളം കുട്ടികൾ പഠിക്കുന്നുണ്ട്. വിദ്യാലയത്തിൽ നഴ്സറി ക്ലാസുകളും സാനിറ്റേഷൻ ടോയ്ലറ്റ്, ലൈബ്രറി എന്നിവയും ഒരുക്കിയിട്ടുണ്ട്. ഉച്ചഭക്ഷണ സൗകര്യത്തിനായി വിശാലമായ അടുക്കള ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ മാനസിക നില മെച്ചപ്പെടുത്താൻ വിശാലമായ കളിസ്ഥലം ഇവിടെത്തെ പ്രത്യേകതയാണ്.

കലാമേള, ശാസ്ത്രമേള, കായികമേള എന്നിവയിലും മറ്റു സാമൂഹിക ഇടപെടലുകളിലും സ്കൂൾ മുന്നിലാണ്. കലാമേളയിൽ കഥാകഥനത്തിന് അനിഘ.പി A ഗ്രേഡോടുകൂടി രണ്ടാം സ്ഥാനവും ഭരതനാട്യത്തിന് ആതിര. എ.എസ് A ഗ്രേഡോടുകൂടി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 7 A ഗ്രേഡും 3 B ഗ്രേഡും 3 C ഗ്രേഡും ഞങ്ങളുടെ ചുണക്കുട്ടികൾ സ്വന്തമാക്കി.

ശാസ്ത്രമേളയിൽ 12 A ഗ്രേഡും 3 B ഗ്രേഡും 2 C ഗ്രേഡും നേടി. ഞങ്ങളുടെ വിദ്യാലയം അറബിക് കലാമേളയിൽ 6 A ഗ്രേഡും 2 B ഗ്രേഡും 1 C ഗ്രേഡും നേടി മികവ് പുലർത്തി. മഴവിൽ വർണ്ണങ്ങൾ എന്ന നേഴ്സറി കലാമേളയിൽ 2 A ഗ്രേഡ് 2 B ഗ്രേഡ് 3 C ഗ്രേഡ് ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ നേടുവാൻ ഞങ്ങൾക്ക് സാധിച്ചു..

കായികമേളയിൽ ഫാത്തിമ ശബാന.വി ലോങ്ങ് ജംബിൽ രണ്ടാം സ്ഥാനം നേടികൊണ്ട് വിദ്യാലയത്തെ മുന്നിൽ എത്തിച്ചു.

പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാണ് വിദ്യാലയവും ക്യാമ്പസും. അതിനുള്ള കണ്ണമംഗലം പഞ്ചായത്തിന്റെ അംഗീകാരമായ "ഹരിത വിദ്യാലയം" എന്ന പദവി ജി.എൽ.പി.എസ്.കിളിനക്കോടിന് സ്വന്തമാണ്.

വർഷംതോറും ലഭിക്കുന്ന LSS വിജയത്തേക്കാൾ ഈ പ്രാവശ്യം ചരിത്ര LSS നേട്ടം കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു. 14 വിദ്യാർത്ഥികൾക്ക് LSS വിജയിക്കുവാനും മറ്റുള്ളവർക്ക് 50 % മാർക്കിന് അധികം നേടുവാനും കഴിഞ്ഞു..

കണ്ണമംഗലം പഞ്ചായത്തിലെ GLPS എന്ന വിദ്യാലയം ഈ പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിൽ അദീതമായ സ്ഥാനം അലങ്കരിക്കുന്നു.

# പരിമിതികൾ

- ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക്  എല്ലാ ക്ലാസ് റൂമുകളും സജ്ജീകരിച്ചിട്ടില്ല

- IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു

- കെട്ടിടങ്ങളുടെ പണി പൂർത്തിയാകാത്തത് കൊണ്ട് ക്ലാസ് റൂമുകളുടെ എണ്ണം കുറവാണ്

# മലയാളം

## വായന പരിപോഷണം

### 1. വായന സ്റ്റേഷൻ

എല്ലാ ക്ലാസ് മുറികളിലും ഉച്ചത്തിൽ വായിക്കാൻ ഒരിടം നൽകി വായനശീലം വളർത്തുന്നു. ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ ഇതിനായി പ്രയോജനപ്പെടുത്താം

### 2. വായന വസന്തം

സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് തന്നെ വായിക്കുകയും അതിന്റെ ലഘു വിവരണം തയ്യാറാക്കുകയും ചെയ്യുന്നു.

### 3. വീടകം അറിവകം

വീടുകളിൽ രക്ഷിതാക്കളുടെ സഹായത്തോടെ പുസ്തക ശേഖരണവും വായനയും. ഇതിലൂടെ കുട്ടിയുടെയും രക്ഷിതാക്കളുടെയും വായനയെ പ്രോത്സാഹിപ്പിക്കുന്നു.

### 4. വായിക്കാം...വാനോളം...

സ്കൂൾ അസംബ്ലിയിൽ ഇഷ്ടപ്പെട്ട ഒരു ബുക്കിനെ കുറിച്ച് പരിചയപ്പെടുത്തുന്നു. മറ്റുള്ള കുട്ടികളെ ആ ബുക്ക് വായിക്കാൻ പ്രേരിപ്പിക്കുന്നു.

### 5.വായനാക്കൂട്ടം

എല്ലാ മലയാളം ക്ലാസുകളിലും ഒരാൾ വീതം ഏതെങ്കിലും ഒരു പാഠഭാഗം(കഥ, കവിത) വായിക്കുന്നു.(5 മിനിറ്റ് ).

### 6.വായന മിഠായി

ലൈബ്രറി പുസ്തകങ്ങൾ വീട്ടിൽ നിന്ന് വായിച്ച് ക്ലാസ് വാട്സ്ആപ് ഗ്രൂപ്പിൽ വോയിസ് റെക്കോർഡ് അയക്കുന്നു

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

### പ്രവർത്തനം-1

**മലയാളത്തിളക്കം (pretest)**

പിന്നോക്കക്കാരെ കണ്ടെത്തുന്നു

സമയം:ഹ്രസ്വകാലം

ചുമതല:ക്ലാസ് ടീച്ചർ

പാമ്പത്തികം : പി.ടി.എ

## പ്രവർത്തനം-2

**അക്ഷരം ഉറപ്പിക്കൽ**

അക്ഷരക്കാർഡ്, അക്ഷര കട്ടകൾ, ചാർട്ട്, അക്ഷര ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് പരിശീലനം നൽകൽ.

അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

സമയം : ഹ്രസ്വകാലം

ചുമതല: ക്ലാസ് ടീച്ചർ.

സാമ്പത്തികം : പി.ടി.എ

## പ്രവർത്തനം-3

**ചിഹ്നങ്ങൾ ഉറപ്പിക്കൽ**

"ആഭരണം അണിയിക്കൽ എന്ന പ്രവർത്തനം"
കുട്ടികൾക്ക് പരിചിതമായ ചെറിയ പാട്ടുകൾ ചിഹ്നങ്ങ ളില്ലാതെ അക്ഷരങ്ങൾ മാത്രം എഴുതി നൽകുന്നു വേണ്ട ചിഹ്നങ്ങൾ കുട്ടികൾ ചേർക്കുന്നു.

സമയം : ഹ്രിസ്വകാലം

ചുമതല: മലയാളംക്ലബ്ബ്.

സാമ്പത്തികം : പി ടി എ

## പ്രവർത്തനം-4

**ഒളിച്ചിരിക്കുന്നവരെ കണ്ടെത്താം."**

ചാർട്ടിൽ വട്ടംവരച്ച് അക്ഷരങ്ങൾ കൊടുക്കുന്നു.

*അക്ഷരങ്ങൾക്ക് ചിഹ്നം ചേർത്ത് വാക്കുകൾ (ജീവികൾ, പഴങ്ങൾ, പച്ചക്കറികൾ) കണ്ടെത്തൽ

* ചിത്രങ്ങൾ ഉപയോഗിച്ച് കഥപറയൽ, കഥഎഴുതൽ, അടിക്കുറുപ്പ് തയ്യാറാക്കൽ

* ICT ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ.

സമയം:ഹ്രസ്വകാലം

ചുമതല:ക്ലാസ് ടീച്ചർ

സമയം: ഹ്രസ്വകാലം

സാമ്പത്തികം :സ്കൂൾ ഫണ്ട്.

# ഇംഗ്ലീഷ്

## A) Introduction

This plan is designed to support students in their English language learning journey Providing a comprehensive and engaging approach to developing reading, writing, listening and Speaking skills

## B) Objectives

To speak read and write English without any
Mistakes.
Enhance students language proficiency.
Develop the creative speaking and writing To express thoughts, feelings ete.

## C) Projects names

Games, Assembly, Reading corner

Action songs

Conversations, skit, stories

Speech, quiz, riddles, self introduction

make magazine.

## 1. Listening

**Aims :**
To develop listening and speaking Skill-opportunity to hear a lot.
Activity :
Read and write smal words in a picture story book.
Cinema and Cartoon

Time: January to March

English teacher

## 2. Speaking

**Aims:**
opportunity to speak English Confidently
Activity:
English Assambly And Interview

Time: once in a month.
English club

## 3. Reading

**Aims:**
reading fluendly with understanding the Idea.

library (class room)

Time: Jene-March

Develop reading skills
Activity:
Organize reading competition.
Time : Once in a month
English club

## 4. English Diary

**Aims:**
Ability to write without errors.
Activity:
write down your diary in English
every day.
Time: every day
Teacher

## 5. English Magazine

**Aims:**
Develop creative writing Skills.
Activity:
Magazine being prepared by Collecting childrens product.

Time : once in a year

English club

## 6. English fest

**Aims:**
Ability to speak and read fluendly.
Activity:
Reading and writing competition , other presentation of creative activities.
Time: once in a month English club

# ഗണിതം

- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക
- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴ കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ
- ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന | കുട്ടികൾക്കായി പ്രത്യേക പഠനപ ദ്ധതി ആസൂത്രണം ചെയ്യൽ.

  ക്യാമ്പു കൾ, ശില്പശാലകൾ

# കലാവാസനകളെ പരിപോഷിപ്പിക്കൽ

## സർഗ്ഗ വേള

പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കുന്നതിനുള്ള പരിശീലനം അവതരണവും സർഗ്ഗ വേളയിൽ

## ഗാന കേളി

പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു

## അരങ്ങ്

പാഠഭാഗവുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ രംഗവിഷ്കരമായി അവതരിപ്പിക്കുന്നു

# ആരോഗ്യ കായിക വിദ്യാഭ്യാസം

## കായികം

**ഉപമേഖല : എയറോബിക് എക്സ്സർസൈസ്**

കായിക  പ്രവർത്തനങ്ങൾക്ക് മുൻപ് നാം ചെയ്യേണ്ട warm up  എക്സ്സർസൈസ് ചെയ്യുന്നു.

കായിക പ്രവർത്തനങ്ങൾക്ക് ശേഷമുള്ള warm down എക്സ്സർസൈസ് ചെയ്യുന്നു.

## ലക്ഷ്യം

warmup , warm down പ്രവർത്തനങ്ങൾ എന്താണെന്നും അവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. വേണ്ട വിധം ചെയ്യാൻ പ്രാപ്തരാക്കുന്നു. ശരിയായ കായിക പ്രവർത്തനം തിരിച്ചറിയുന്നു.

**ഉപമേഖല**

- ഫുട്ബോൾ പരിശീലനം
- ക്രിക്കറ്റ് പരിശീലനം
- സ്കിപ്പിംഗ് പരിശീലനം
- റിംഗ് ത്രോ
- ഷട്ടിൽ
- അത് ലെറ്റിക്

സ്പോർട്സ് ഗെയിംസ് തിരിച്ചറിയുന്നു.

കുട്ടികളുടെ കായിക പരമായ ശേഷികൾ, അഭിരുചികൾ തിരിച്ചറിയുന്നു.

കുട്ടികളിൽ ആരോഗ്യപരമായ വളർച്ച, ലക്ഷ്യ ബോധം, പരസ്പര ബഹുമാനം, എന്നിവ വളർത്തുന്നു.

## നീന്തൽ പരിശീലനം

## ലക്ഷ്യം

വെള്ളവുമായി ബന്ധപ്പെട്ട അപകട സാധ്യത കുറയ്ക്കുന്നു.

## കായിക പരിശീലനം അധ്യാപകരിൽ

PT പിരിയഡുകളിൽ നൽകേണ്ട  ബേസിക് warm up, warm down എക്സ്സർസൈസുകൾ , പലതരം ഗെയിംസുകളെക്കുറിച്ചും ഉള്ള പരിശീലന ക്ലാസ്സ്

കായിക പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ചെയ്യാനും, കുട്ടികളെ പരിശീലിപ്പിക്കാനും അധ്യാപകരെ പ്രാപ്തരാക്കുന്നു

# അറബിക്

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
- ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക

# സർഗശേഷി വികസനം

- കുട്ടികളുടെ മികച്ച രചനകൾ പ്രദർശിപ്പിക്കുന്നതിനായി പഠന ഗാലറികൾ ഒരുക്കുന്നു.
- കുട്ടികളുടെ അഭിരുചി പാരിപോഷിക്കുന്നതിനായി കുട്ടികളുടെ കവിതകൾ,കഥകൾ,ചിത്ര രചന തുടങ്ങിയ രചനകളെ പ്രോത്സാഹിപ്പിക്കുക.
- കുട്ടികളുടെ രചനകൾഉൾപ്പെടുത്തിക്ലാസുകളിൽ പതിപ്പ് നിർമ്മിക്കുന്നു.

## കാവ്യോത്സവം

കുട്ടികൾ മലയാളത്തിലെ ഇഷ്ടപ്പെട്ട കവിത പഠിച്ചു കവിത ചൊല്ലുന്നു.

## കഥയരങ്ങ്

മുത്തശ്ശിക്കഥകൾ അവതരിപ്പിക്കുന്നു

# തനത് പ്രവർത്തനങ്ങൾ

## ക്വിസ്

പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രവർത്തനമാണിത്. കുട്ടിയും രക്ഷിതാവും ഒരു ടീമായി പങ്കെടുക്കുന്ന ഒരു മത്സരമാണിത്. രക്ഷിതാക്കളെ സ്കൂളിലേക്ക് കൂടുതൽ അടുപ്പിക്കുക എന്നൊരു ലക്ഷ്യം കൂടിയുണ്ട്.

## നീന്തൽ പരിശീലനം

സ്കൂളിന് 25 മീറ്റർ അകലത്തിലായി ഒരു പഞ്ചായത്ത് കുളമുണ്ട്.. PTA മുൻകൈയെടുത്ത് നാലാം ക്ലാസിലെ കുട്ടികൾക്ക് നീന്തൽ പരിശീലനം കൊടുക്കാൻ ആലോചനയുണ്ട്.

# നിർവഹണ ചുമതല

- ഒ മുഹമ്മദ് മാസ്റ്റർ - ഹെഡ്മാസ്റ്റർ
- ശശിധരൻ N
- ഭജനി കൃഷ്ണ A
- അശ്വതി GL
- മുഹമ്മദ് ഷാഫി KM
- സൗമ്യ SS
- അനുഷ V
- ഹാഫിസ തെസ്നി
- പ്രജീഷ് CK
- അനിത ആർ മോഹൻ
- സഫ്ന KC
- അഹമ്മദ് അൻവർ
- വൈശാഖ് KP
- മുഹമ്മദ് ഫൗസാൻ K
- ആശിഫ തെസ്നി